ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) വനം ഡിപ്പാർട്ടുമെൻറിൽനിന്നു് 2760 ഏക്കറും, റവന്യൂ ഡിപ്പാർട്ടുമെൻറിൽനിന്നു് ഉദ്ദേശം 2028 ഏക്കറും ചതുപ്പു് ജി. എം. എഫ്. സ്കീം അനുസരിച്ചു് കൃഷിക്കുകൊടുത്തിട്ടുണ്ടു്.

(ബി) കാലാവധി 3 മുതൽ 12 കൊല്ലംവരെ ആയിരുന്നു.

(സി) സ്ഥിരമായി കൃഷിക്കുകൊടുക്കുന്നതുകൊണ്ടു് വന സംരക്ഷണത്തിനു് ഹാനികരമാകാവുന്ന വിധത്തിൽ ഉൾവനങ്ങളിലും മറ്റും സ്ഥിതി ചെയ്യുന്ന വനഭൂമികളും, പൊതുആവശ്യത്തിനു് ഉപയോഗയോഗ്യമെന്നു തോന്നുന്ന റവന്യൂഭൂമികളും ഒഴിപ്പിച്ചെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടു്.

ജി. എം. എഫ്. പദ്ധതിയനുസരിച്ചു കൊടുത്തിട്ടുള്ള സ്ഥലങ്ങളുടെ പാട്ടം.

*791 [47] ശ്രീ. എ. സി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി. എം. എഫ്. പദ്ധതിയനുസരിച്ചു കൊടുത്തിട്ടുള്ള സ്ഥലങ്ങളുടെ പാട്ടം വളരെ കൂടുതലാണെന്നു് ഗവണ്മെൻറിനു് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(ബി) നെല്ലിൻറെ വിലക്കുറവിനെ പരിഗണിച്ചു് ആ തുകകൾ കുറവുചെയ്തു കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ആയതിലേക്കു് കൃഷിക്കാർ നിവേദനങ്ങൾ സമർപ്പിച്ചിട്ടില്ലേ;

(ഡി) അതിന്മേൽ എന്തു നടപടി സ്വീകരിച്ചു?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ജി. എം. എഫ്. പദ്ധതിയനുസരിച്ചു് കൊടുത്തിട്ടുള്ള സ്ഥലങ്ങളുടെപാട്ടം കൂടുതലാണെന്നു് ഗവണ്മെൻറിനു് തോന്നുന്നില്ല.

(ബി) പാട്ടം കുറവുചെയ്തു കൊടുക്കുവാൻ ഉദ്ദേശമില്ല.

(സി) ചില കൃഷിക്കാരുടെ നിവേദനങ്ങൾ ഉണ്ടായിട്ടുണ്ടു്.

(ഡി) നിവേദനം പരിഗണനാർഹമല്ല.

മർദ്ദനം.

*792. [49] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നിയമസഭാ സമ്മേളനത്തിനുശേഷം പോലീസ് മർദ്ദനങ്ങളെക്കുറിച്ചു് ആഗസ്റ്റ് 31-ാംതീയതിവരെ ഗവണ്മെൻറിനു് എത്ര പരാതികൾ ലഭിച്ചിട്ടുണ്ടു്;

(ബി) ഈ പരാതികളിന്മേൽ ഗവണ്മെൻറു് എന്തു നടപടി സ്വീകരിച്ചു?

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) എട്ട്.

(ബി) പരാതികളിന്മേൽ ഏഴെണ്ണത്തെപ്പറ്റി അന്വേഷണം നടത്തിയതിൽ അവ അടിസ്ഥാനരഹിതമാണെന്ന തെളിവായി. ബാക്കിയുള്ള ഒരു പരാതി ചെമ്പൻ എന്നറിയപ്പെട്ട കോയിത്താനത്ത് ഔസേപ്പിന്റെ സംശയാസ്പദമായ മരണത്തെ സംബന്ധിച്ചാണ്. ഇതു സംബന്ധിച്ച് കോട്ടയം ഡിസ്ട്രിക്റ്റ് അഡീഷണൽ മജിസ്ട്രേട്ട് മുഖേന ഒരു പരസ്യാന്വേഷണം നടത്താൻ തീരുമാനിച്ചു.

ഫിഷ് പോണ്ടുകൾ.

* 793. [56] ശ്രീ. കെ. സി. എബ്രഹാം: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ സംസ്ഥാനത്ത് എവിടെയെല്ലാം ഫിഷ്പോണ്ടുകൾ നടത്തിവരുന്നുണ്ട്;

(ബി) അവയിൽനിന്നും 1954—55-ൽ ചെലവുകഴിച്ച് എന്തു വരുമാനം ഓരോന്നിൽനിന്നും കിട്ടുന്നുണ്ട്?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) ഞാറയ്ക്കൽ, മാലിപ്പുറം, ആയിരംതെങ്ങ് എന്നീ മൂന്നു സ്ഥലങ്ങളിൽ ഫിഷ്പോണ്ടുകൾ നടത്തിവരുന്നുണ്ട്.

(ബി) ഓരോന്നിലെയും ചെലവുകഴിച്ചുള്ള വരുമാനം താഴെ പറയുന്നതാണ്.

(1) ഞാറയ്ക്കൽ :	രൂപ	8074	6	6
(2) മാലിപ്പുറം	,,	3439	5	0
(3) ആയിരംതെങ്ങ്	,,	742	12	0

ലാത്തിച്ചാർജ്ജ്.

* 794. [58] ശ്രീ. കൊച്ചുകുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1953 നവംബർമാസം 17-ാംതീയതി ഏഴര മണിയോടുകൂടി കായംകുളത്ത് ഒരു ലാത്തിച്ചാർജ്ജ് നടന്നിട്ടുള്ളതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്ത്;

(സി) അതിന്മേൽ ഗവണ്മെന്റ് എന്തു നടപടിയാണ് ഇതിനകം സ്വീകരിച്ചിട്ടുള്ളതെന്ന വ്യക്തമാക്കാമോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) 1953 നവംബർമാസം പതിനേഴാംതീയതി കായംകുളത്തു ലാത്തിച്ചാർജ്ജ് നടന്നിട്ടില്ല.

(ബി) ആൻഡ് (സി) എന്നുള്ള മറുപടിയിന്മേൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly